"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കെ.എസ്.യു.ഡി.പി-. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് മൊബൈൽ ഫുഡ് കാർട്ടുകൾ വാങ്ങിയ വകയിൽ ബാക്കി നൽകാനുള്ള 10,20,870/- രൂപ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.2734/2022/LSGD തീയതി,തിരുവനന്തപുരം, 08-11-2022

പരാമർശം:-
1. 22/06/2022 തീയതിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ്
2. 15.10.2022 തീയതിയിലെ അമൃത് മിഷൻ SMMU/240/2022-AO നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷന് 15 ഫുഡ് കാർട്ട് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് നൽകേണ്ട കുടിശ്ശിക തുകയായ 10,20,000/- രൂപ കോഴിക്കോട് കോർപ്പറേഷൻ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് നൽകണം എന്നും, പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി എൽഎസ്ജിഡി അർബൻ സെക്രട്ടറിക്ക് പ്രൊപോസൽ സമർപ്പിക്കാൻ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് കുടിശ്ശിക തുക ഒടുക്കുന്നതിനു കെഎസ്ഡിപിയുടെ നിഷ്ക്രിയ അക്കൗണ്ടിൽ ലഭ്യമായ 14 ലക്ഷം രൂപ ഉപയോഗിക്കാവുന്നതാണ് എന്നും തീരുമാനിച്ചിരുന്നു.

2. കോഴിക്കോട് കോർപ്പറേഷനിൽ മുൻ കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കിയ പ്രോജക്ടിൽ മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് 15 മൊബൈൽ ഫുഡ് കാർട്ടുകൾ 17,01,450/ രൂപ വില നിശ്ചയിച്ച് വാങ്ങുകയും അതിൽ 6 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും ആയതിന്റെ തുകയായ 6,80,580/- രൂപ മെറ്റൽ ഇൻഡസ്ട്രീസിന് അനുവദിച്ചു നല്കുകയുമുണ്ടായി. അവശേഷിക്കുന്ന 9 മൊബൈൽ ഫുഡ് കാർട്ടുകളുടെ വിലയായ 10,20,870/- രൂപ ടി സ്ഥാപനത്തിന് നല്കേണ്ടതായുണ്ട്. ആയത് കെ.എസ്.യു.ഡി.പി.യുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്നോ നഗരസഭാ ഫണ്ടിൽ നിന്നോ അനുവദിക്കുന്നതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് സൂചന 2 പ്രകാരം മിഷൻ ഡയറക്ടർ അമൃത് അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കിയ പ്രോജക്ടിൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 15 മൊബൈൽ ഫുഡ് കാർട്ടുകൾ വാങ്ങിയ വകയിൽ ബാക്കി നൽകാനുള്ള 10,20,870/- രൂപ കെ.എസ്.യു.ഡി.പി.യുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ

അവശേഷിക്കുന്ന തുകയിൽ നിന്നും നൽകുന്നതിന് അമൃത് പ്രോജെക്ട് മിഷൻ ഡയറക്ടർക്ക്അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

മിഷൻ ഡയറക്ടർ, അമൃത്
മാനേജിങ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2/എ&ഇ) കേരള എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്